**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2057** **06-07-2022 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ ഫയർ സ്റ്റേഷന് പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ആലത്തൂർ ഫയർ സ്റ്റേഷൻ കെട്ടിടത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന്റെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ; | (ബി) | ജലസേചന വകുപ്പിന്റെ കൈവശം ഉണ്ടായിരുന്നതും രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾ പ്രകാരം ഫയർ & റസ്ക്യൂ സർവ്വീസസ് വകുപ്പിന് കൈമാറി ലഭിച്ചതുമായ ആലത്തൂർ താലൂക്ക് കുഴൽമന്ദം വില്ലേജിലെ ബ്ലോക്ക് നമ്പർ. 17 ലെ റീസർവേ നമ്പർ. 672/6-ൽ പ്പെട്ട 20.23 ആർ (50 സെന്റ്) ഭൂമിയിൽ കെട്ടിടം നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയ പ്ലാനിൽ ചില അപാകതകൾ കണ്ടെത്തിയതിനാൽ ആയത് പരിഹരിച്ച് പുതുക്കിയ പ്ലാൻ തയ്യാറാക്കി സമർപ്പിക്കുന്നതിന് വകുപ്പ് മേധാവി പൊതുമരാമത്ത് വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്. |
| (സി) | ഫയർ സ്റ്റേഷൻ നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കെട്ടിടത്തിന്റെ ശോചനീയാവസ്ഥ പരിഗണിച്ച് പുതിയ കെട്ടിടം പണിതീരും വരെ വാടകക്കെട്ടിടത്തിലോ മറ്റ് സർക്കാർ കെട്ടിടത്തിലോ ഫയർ സ്റ്റേഷൻ പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | അനുയോജ്യമായ മറ്റൊരു കെട്ടിടം ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ